ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 19.02.2025**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്തിൻറെ വികസന നേട്ടങ്ങളിലും, നവകേരള നിർമാണത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർണായക പങ്ക് വഹിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ.

2. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിനും തമിഴ്നാടിനും ഒരു പോലെ സ്വീകാര്യമായ പരിഹാരം കണ്ടെത്തണമെന്ന് സുപ്രീംകോടതി.

3. സംസ്ഥാനത്തെ ആശാവർക്കർമാർക്ക് ഉപാധിരഹിത ഓണറേറിയം അനുവദിക്കാൻ തീരുമാനിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ്.

4. വയനാട് ഉരുൾപൊട്ടലിൽ തകർന്ന ചൂരൽമല പാലം പുനർനിർമിക്കുന്നതിനുള്ള 35 കോടി രൂപയുടെ പദ്ധതി നിർദ്ദേശത്തിന് സംസ്ഥാന സർക്കാരിൻറെ അംഗീകാരം.

5. മൂന്നാറിൽ ടൂറിസ്റ്റ് ബസ് മറിഞ്ഞ് തമിഴ്നാട്ടിൽ നിന്നുള്ള മൂന്ന് വിദ്യാർത്ഥികൾ മരിച്ചു. നിരവധിപ്പേർക്ക് പരിക്ക്.

6. രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ കേരളത്തിനെതിരെ ഗുജറാത്ത് മികച്ച സ്കോറിലേക്ക്. ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ഒമ്പതാം പതിപ്പിന് കറാച്ചിയിൽ തുടക്കം.

**************************************

## മുഖ്യമന്ത്രി - തദ്ദേശദിനം - ഇൻട്രോ

സംസ്ഥാനത്തിൻറെ വികസന നേട്ടങ്ങളിലും, നവകേരള നിർമാണത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർണായക പങ്ക് വഹിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. തൃശൂരിൽ നടന്ന തദ്ദേശ ദിനാഘോഷത്തിൻറെ സമാപന സമ്മേളനം വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന മാലിന്യനിർമാർജന പ്രവർത്തനങ്ങൾ മാർച്ച് അവസാനത്തോടെ പൂർണ്ണതയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.

(വോയിസ്.... )

രണ്ട് ദിവസങ്ങളിലായി നടന്ന ദിനാഘോഷത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാരും സെക്രട്ടറിമാരും പങ്കെടുത്തു.

RNUTVPM

**************************************

## മുല്ലപ്പെരിയാർ - സുപ്രീംകോടതി

മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിനും തമിഴ്നാടിനും ഒരു പോലെ സ്വീകാര്യമായ പരിഹാരം കണ്ടെത്തണമെന്ന് സുപ്രീംകോടതി. മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ നേതൃത്വത്തിൽ ഇരുസംസ്ഥാനങ്ങളുടേയും യോഗം വിളിക്കണമെന്നും സുപ്രീംകോടതി നിർദേശിച്ചു. അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അഭിപ്രായ വ്യത്യാസങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കണമെന്നും സുപ്രീംകോടതി വ്യക്തമാക്കി. മേൽനോട്ടസമിതി നാലാഴ്ചക്കുള്ളിൽ റിപ്പോർട്ട് നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്.

***********************************

## ഓണറേറിയം- വീണ ജോർജ്

സംസ്ഥാനത്തെ ആശാവർക്കർമാർക്ക് ഉപാധിരഹിത ഓണറേറിയം അനുവദിക്കാൻ തീരുമാനിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ്. ആശാ വർക്കർമാരുടെ സംഘടനാ പ്രതിനിധികളുമായി ഫെബ്രുവരി 6ന് നടത്തിയ ചർച്ചയിലെ പ്രധാന ആവശ്യമാണ് നടപ്പിലാക്കിയതെന്ന് മന്ത്രി പറഞ്ഞു. ആശമാരുടെ 3 മാസത്തെ ഓണറേറിയം ഇന്ന് മുതൽ വിതരണം ചെയ്യും. ഇൻസെന്റീവ് വർധിപ്പിക്കാൻ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നതായും മന്ത്രി വ്യക്തമാക്കി. സെക്രട്ടേറിയറ്റിന് മുന്നിൽ പത്ത് ദിവസമായി ആശ വർക്കർമാർ സമരം നടത്തിവരുന്ന സാഹചര്യത്തിലാണ് തീരുമാനം.

RNU TVPM

***********************************

## ചൂരൽമല പാലം

വയനാട് ഉരുൾപൊട്ടലിൽ പൂർണമായും തകർന്ന ചൂരൽമല പാലം പുനർനിർമിക്കുന്നതിനുള്ള 35 കോടി രൂപയുടെ പദ്ധതി നിർദ്ദേശത്തിന് സംസ്ഥാന സർക്കാരിൻറെ അംഗീകാരം. അപകടങ്ങളെ അതിജീവിക്കാൻ ശേഷിയുള്ള വിധത്തിൽ, മുൻപുണ്ടായിരുന്ന പാലത്തേക്കാൾ ഉയരത്തിലാവും പുതിയ പാലം നിർമിക്കുക. 268 മീറ്റർ നീളമുള്ള പാലം ചൂരൽമല ടൗണിനെ മുണ്ടക്കൈ റോഡുമായി ബന്ധിപ്പിക്കും.

***********************************

## ശ്രീചിത്ര - കേന്ദ്ര മന്ത്രി ജെ.പി നഡ്ഡ

തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസിൽ, പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന പ്രകാരം നിർമിച്ച പുതിയ മന്ദിരത്തിൻറെ ഉദ്ഘാടനം കേന്ദ്ര മന്ത്രി ജെ.പി നഡ്ഡയും, സഹമന്ത്രി ജിതേന്ദ്ര സിംഗും ചേർന്ന് നാളെ നിർവ്വഹിക്കും. ഒൻപത് നിലകളുള്ള കെട്ടിടത്തിൽ തീവ്രപരിചരണ സേവനങ്ങൾക്കായി 130 കിടക്കകളും, പേവാർഡിനായി 40 മുറികളും സജ്ജീകരിച്ചിട്ടുണ്ട്. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, ആരോഗ്യ മന്ത്രി വീണാ ജോർജ്, ശശി തരൂർ എംപി, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

************************************

## സംസ്ഥാന മന്ത്രിസഭാ യോഗം

RIJUTVPM

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ ശമ്പളവും ആനുകൂല്യങ്ങളും പരിഷ്ക്കരിക്കാൻ ഇന്ന് ചേർന്ന സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ തീരുമാനം. മലപ്പുറം കൊണ്ടോട്ടി താലൂക്കിൽ പുറമ്പോക്കിൽ ദീർഘകാലമായി താമസിച്ചു വരുന്ന 23 കൈവശക്കാർക്ക് പട്ടയം നൽകാനും യോഗം അനുമതി നൽകി.

************************************

## മൂന്നാർ അപകടം

ഇടുക്കി മൂന്നാറിൽ ടൂറിസ്റ്റ് ബസ് മറിഞ്ഞ് മൂന്ന് വിദ്യാർത്ഥികൾ മരിച്ചു. നിരവധിപ്പേർക്ക് പരിക്കേറ്റിട്ടുണ്ട്. തമിഴ്നാട്ടിലെ നാഗർകോവിലിൽ നിന്നുള്ള കോളേജ് വിദ്യാർത്ഥികളാണ് മൂന്നാർ എക്കോപോയിന്റിൽ വച്ച്

അപകടത്തിൽപ്പെട്ടത്. അപകടസമയം 40 പേരാണ് ബസിനുള്ളിൽ ഉണ്ടായിരുന്നത്.

***********************************

## ദേശീയ കൺവെൻഷൻ

യു.ജി.സി കരട് റഗുലേഷനുകൾ സംബന്ധിച്ച ദേശീയ കൺവെൻഷൻ സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നാളെ തിരുവനന്തപുരത്ത് ചേരും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാഭ്യാസ മന്ത്രിമാർ സമ്മേളനത്തിൽ പങ്കെടുക്കും.

***********************************

RIUTVPM

## ഇൻവസ്റ്റ് കേരള

ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയ്ക്ക് മറ്റന്നാൾ കൊച്ചിയിൽ തുടക്കം. രണ്ട് ദിവസത്തെ ഉച്ചകോടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേന്ദ്രമന്ത്രിമാരായ നിതിൻ ഗഡ്കരി, പീയുഷ് ഗോയൽ, ജയന്ത് ചൗധരി എന്നിവർ ഉച്ചകോടിയെ അഭിസംബോധന ചെയ്യും. സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, വ്യവസായ പ്രമുഖർ എന്നിവർക്ക് പുറമേ 26 രാജ്യങ്ങളിൽ നിന്നുള്ള നയതന്ത്രപ്രതിനിധികൾ അടക്കം 3,000 പേർ പരിപാടിയിൽ പങ്കെടുക്കും.

***********************************

## കോട്ടയം റാഗിംഗ് പ്രതികൾ

കോട്ടയം സർക്കാർ നഴ്സിംഗ് കോളേജ് ഹോസ്റ്റലിൽ നടന്ന റാഗിംഗിൽ പ്രതികളായ 5 പേരേയും ഏറ്റുമാനൂർ കോടതി

പോലീസ് കസ്റ്റഡിയിൽ വിട്ടു. പോലീസിൻറെ അപേക്ഷ പരിഗണിച്ച് രണ്ടു ദിവസത്തേക്കാണ് കസ്റ്റഡി.

************************************

**ആന എഴുന്നള്ളിപ്പ് - അനുമതി**

കോഴിക്കോട് ജില്ലയിലെ ആന എഴുന്നള്ളിപ്പുകളിൽ ഫെബ്രുവരി 21 വരെ ഒരു ആനയെ മാത്രം എഴുന്നള്ളിക്കാൻ താൽകാലിക അനുമതി. നാട്ടാന പരിപാലനവുമായി ബന്ധപ്പെട്ട ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി യോഗമാണ് തീരുമാനം കൈക്കൊണ്ടത്. മണകുളങ്ങര ക്ഷേത്രത്തിലെ അപകടത്തിൻറെ പശ്ചാത്തലത്തിൽ ജില്ലയിൽ ആന എഴുന്നള്ളിപ്പുകൾ ഒരാഴ്ച നിർത്തിവച്ചിരുന്നു.

************************************

PNU TVPM

**സമഗ്രശിക്ഷാ കേരളം - ഇൻട്രോ**

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര മികവിലെത്തിക്കുന്നതിന്റെ ഭാഗമായി സമഗ്രശിക്ഷാ കേരളം കണ്ണൂർ ജില്ലയിലെ എട്ട് സ്കൂളുകൾക്ക് 18 ക്ലാസ്സ്മുറികൾ അനുവദിച്ചു. ഒരു കോടി 97 ലക്ഷത്തി അമ്പതിനായിരം രൂപ ഇതിനായി വകയിരുത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

(വോയ്സ്)

************************************

## കെ സുരേന്ദ്രൻ - പൊങ്കാല

ആറ്റുകാൽ പൊങ്കാലയ്ക്ക് മലബാറിൽ നിന്നും തിരുവനന്തപുരത്തേക്ക് സ്പെഷ്യൽ ട്രെയിനുകൾ അനുവദിക്കണമെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ, കേന്ദ്ര റെയിൽവെ സഹമന്ത്രി വി.സോമണ്ണയുമായി നടത്തിയ കൂടിക്കാഴ്ചയിൽ അഭ്യർത്ഥിച്ചു. നിലവിലുള്ള ട്രെയിനുകൾക്ക് കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

************************************

## ഫയർ ഓഡിറ്റ് - പാലക്കാട്

പാലക്കാട് ജില്ലയിൽ ഉഷ്ണതരംഗ സാധ്യത മുന്നിൽ കണ്ട് കെട്ടിടങ്ങളിലും, തീപിടുത്ത സാധ്യതയുള്ള മേഖലകളിലും അടിയന്തര ഫയർ ഓഡിറ്റ് നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് ജില്ലാ കളക്ടർ ജി. പ്രിയങ്ക നിർദ്ദേശം നൽകി. പാലക്കാട് കഴിഞ്ഞ ഏഴു ദിവസത്തിലധികമായി താപനില 34 ഡിഗ്രി സെൽഷ്യസിന് മുകളിൽ തുടരുന്ന സാഹചര്യത്തിലാണ് നടപടി.

RNUTVPM

************************************

## ഭക്ഷ്യ കമ്മീഷൻ പാലക്കാട്

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പാലക്കാട് ജില്ലയിലെ പറമ്പിക്കുളം ആദിവാസി ഉന്നതികളിൽ സന്ദർശനം നടത്തി.

തേക്കടിയിലുളള റേഷൻ കടയിൽ അനധികൃതമായി സൂക്ഷിച്ച ഭക്ഷ്യധാന്യം കണ്ടെത്തിയതിനെ തുടർന്ന് കട ഉടമയ്ക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ കേസ് എടുക്കുമെന്ന് കമ്മീഷൻ അറിയിച്ചു. നാളെ മണ്ണാർക്കാട്

റേഞ്ചിലെ വിവിധ പ്രദേശങ്ങളിലും സംഘം സന്ദർശനം നടത്തും.

************************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ കേരളത്തിനെതിരെ ഗുജറാത്ത് മികച്ച സ്കോറിലേക്ക്. മൂന്നാം ദിനം കളി നിർത്തുമ്പോൾ ഗുജറാത്ത് ആദ്യ ഇന്നിംഗ്സിൽ ഒരു വിക്കറ്റിന് 222 റൺസ് എന്ന നിലയിലാണ്. പ്രിയങ്ക് പഞ്ചലിന്റെ സെഞ്ചുറി മികവിലാണ് ഗുജറാത്ത് മികച്ച സ്കോറിലേക്കെത്തിയത്. കേരളത്തിൻറെ ഒന്നാം ഇന്നിംഗ്സ് 457 റൺസിന് അവസാനിച്ചിരുന്നു. മുംബൈക്കെതിരായ മറ്റൊരു സെമി ഫൈനലിൽ വിദർഭ 260 റൺസിൻറെ ലീഡുമായി ശക്തമായ നിലയിലാണ്.

RNU TVPM

************************************

## ചാമ്പ്യൻസ് ട്രോഫി

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ഒമ്പതാം പതിപ്പിന് കറാച്ചിയിൽ തുടക്കമായി. ഉദ്ഘാടന മത്സരത്തിൽ ന്യൂസിലൻഡിനെതിരെ പാകിസ്ഥാന് 321 റൺസ് വിജയലക്ഷ്യം. ഇന്ത്യയുടെ ആദ്യ മത്സരം നാളെ ബംഗ്ലാദേശിനെതിരെയാണ്. ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 2.30നാണ് മത്സരം.

************************************

## ഓഹരി + സ്വർണവില

രാജ്യത്തെ ഓഹരി വിപണികളിൽ നേരിയ നഷ്ടം. സെൻസെക്സ് 28 പോയിന്റ് താഴ്ന്ന് 75,939 ലും, നിഫ്റ്റി 12 പോയിന്റ് നഷ്ടത്തിൽ 22,933 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില കൂടി. പവന് 520 രൂപ വർധിച്ച് 64,280 രൂപയും, ഗ്രാമിന് 8,035 രൂപയുമാണ് ഇന്നത്തെ വില.

************************************

## അതിരപ്പിള്ളി ആന

അതിരപ്പിള്ളിയിലെ, മസ്തകത്തിൽ പരിക്കേറ്റ കാട്ടാനയ്ക്ക് കോടനാട് ആനപരിപാലന കേന്ദ്രത്തിൽ വിദഗ്ധ ചികിത്സ നൽകും. മയക്കുവെടി വച്ച് പിടികൂടിയ ആനയെ അതിരപ്പിള്ളിയിൽ വച്ച് തന്നെ അടിയന്തര ചികിത്സ നൽകിയതിന് ശേഷമാണ് മൂന്ന് കുംകി ആനകളുടെ സഹായത്തോടെ ഇന്ന് കോടനാട് എത്തിക്കുകയായിരുന്നു.

************************************

RNU TVPM

## പീച്ചി - കാട്ടാന ആക്രമണം

തൃശ്ശൂർ പീച്ചിയിൽ കാട്ടാനയുടെ ആക്രമണത്തിൽ താമരവെള്ളച്ചാൽ ഊര് നിവാസി പ്രഭാകരൻ മരിച്ചു. കാട്ടിൽ വനവിഭവങ്ങൾ ശേഖരിക്കാൻ പോയപ്പോൾ കാട്ടാന ആക്രമിക്കുകയായിരുന്നു.

******************************************************

************************************

**********************